LIBRARY ARCHIVES Kerala Legislative Assembly

മീൻകുന്ന് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി

40 [716] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നിർദ്ദിഷ്ട മീൻകുന്ന് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയുടെ വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) പദ്ധതി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മീൻകുന്നിന്റെ വികസനത്തിനായി 32.50 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഇതുകൂടാതെ മീൻകുന്ന് കടലോരത്തിന്റെ വികസനത്തിനായി ടൂറിസം വകുപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് 102 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് KITCO എന്ന ഏജൻസിയെ ക്കൊണ്ട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ബീച്ചിന്റെയും ബീച്ചിനോട് ചേർന്ന ക്ളിഫിന്റെയും വികസനമാണ് മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്യുന്നത്.

(ഡി & ഇ) നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

കടലോരങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ടൂറിസ്റ്റ് വികസന പദ്ധതി

41 [717] ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, സി. കെ നാണു:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോരങ്ങളെ മൊത്തത്തിൽ ഏകോപിപ്പിച്ചുകൊണ്ട് ഏതെങ്കിലും ടൂറിസ്റ്റ് വികസന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കടലോരങ്ങളെ മൊത്തത്തിൽ ഏകോപിപ്പിച്ചുകൊണ്ട് കേരളാ ഗവൺമെന്റ് തയ്യാറാക്കി സമർപ്പിച്ച 'കടലോര ടൂറിസം സർക്യൂട്ട്' പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.